പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ
കുടപ്പനക്കുന്ന് പി.ഒ., തിരുവനന്തപുരം - 695043
ഫോൺ : 0471 - 2732918




Printed & Published by **Dr. Rayne Joseph** (Principal Training Officer)
Owned by Department of Animal Husbandry, Government of Kerala
Published at Livestock Management Training Centre, Kudappanakkunnu, Thiruvananthapuram - 695043
Editor : Dr. Asha T.T.


Printed at : Kerala State C-apt, TVPM, Ph: 0471 2365678

കേരള സർക്കാർ
## മൃഗസംരക്ഷണവകുപ്പ്

# ആടുവളർത്തൽ



ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ
കുടപ്പനക്കുന്ന് പി.ഒ., തിരുവനന്തപുരം - 695043
ഫോൺ : 0471 - 2732918



# ആടുവളർത്തൽ


## എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | **ഡോ. റെനി ജോസഫ്**<br>പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ<br>എൽ.എം.റ്റി.സി. |
| എഡിറ്റർ | : | **ഡോ. ആശ റ്റി.റ്റി.**<br>അസിസ്റ്റന്റ് ഡയറക്ടർ, എൽ.എം.റ്റി.സി. |
| സ്ക്രിപ്റ്റ് | : | **ഡോ. ജി. മധുസൂദനൻ**<br>റിട്ട. ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ് |
| അംഗങ്ങൾ | : | **ഡോ. ആർ. വിജയൻ**<br>റിട്ട. പ്രൊഫസർ, കേരള അഗ്രി. യൂണിവേഴ്സിറ്റി |
| | | **ഡോ. പി.എസ്. ശ്രീകുമാർ**<br>ഡെപ്യൂട്ടി ഡയറക്ടർ, എൽ.എം.റ്റി.സി |
| | | **ഡോ. മീര ആൻവിൻ ആന്റണി**<br>ഡെപ്യൂട്ടി ഡയറക്ടർ , എസ്സ്.എൽ.ബി.പി |
| | | **ഡോ. നായർ ശ്രീജ മുരളീധരൻ**<br>വെറ്ററിനറി സർജൻ, എൽ.എം.റ്റി.സി |
| ഡി.റ്റി.പി. | : | **ശ്രീമതി സുനില എസ്.** |
| ഫോട്ടോ കടപ്പാട് | : | **ശ്രീ. വിനോദ് കുമാർ സി.യു.** |


കേരള സർക്കാർ
മൃഗസംരക്ഷണ വകുപ്പ്

## മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ

1. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   കുടപ്പനക്കുന്ന്, തിരുവനന്തപുരം
   ഫോൺ : 0471-2732918
2. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   കൊട്ടിയം, കൊല്ലം,
   ഫോൺ : 0474-2537300
3. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   തലയോലപ്പറമ്പ്, കോട്ടയം
   ഫോൺ : 0482-9234323
4. സെൻട്രൽ ഹാച്ചറി
   ചെങ്ങന്നൂർ, ആലപ്പുഴ,
   ഫോൺ : 0479-2452277/ 2457778
5. ഡക്ക് ഹാച്ചറി & ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (D-HAT)
   മഞ്ചാടി, തിരുവല്ല
   ഫോൺ : 0469- 2965535
6. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   ആലുവ, എറണാകുളം
   ഫോൺ : 0484-2631355
7. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   വാഗമൺ, ഇടുക്കി
   ഫോൺ : 04869- 2960528.
8. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   മലമ്പുഴ, പാലക്കാട്
   ഫോൺ : 0491-2815454
9. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   മുണ്ടയാട്, കണ്ണൂർ
   ഫോൺ : 0497-2763473
10. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
    സുൽത്താൻ ബത്തേരി, വയനാട്
    ഫോൺ : 04936-220399
11. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
    ആതവനാട്, മലപ്പുറം
    ഫോൺ : 0494- 2962296

# ആട് വളർത്തൽ



മൃഗസംരക്ഷണ മേഖലയിൽ വളരെയധികം സാമ്പത്തിക പ്രാധാന്യമുള്ള വളർത്തുമൃഗങ്ങളാണ് ആടുകൾ. പാവപ്പെട്ട കർഷകരുടെയും, സ്ത്രീകളുടെയും ജീവനോപാധിയായും വരുമാന മാർഗ്ഗമായും 'പാവപ്പെട്ടവരുടെ പശു' എന്നറിയപ്പെടുന്ന ആടുകൾ സവിശേഷ പങ്ക് വഹിക്കുന്നു. കാർഷികരംഗത്തെ മറ്റു മേഖലകൾ നേരിടുന്ന വിലസ്ഥിരതയില്ലായ്മ ആടു വളർത്തലിനെ ബാധിക്കാൻ സാധ്യത കുറവാണ്. പാലിന്റെയും മാംസത്തിന്റെയും ഗുണമേന്മ കൊണ്ട് ഭക്ഷ്യസുരക്ഷയുടെ കാര്യത്തിലും ആടുകൾ പ്രധാന പങ്ക് വഹിക്കുന്നു. ഈ സാഹചര്യത്തിൽ ആടു വളർത്തലിലെ അടിസ്ഥാന ശാസ്ത്രീയ അറിവുകൾ കർഷകരിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് മൃഗസംരക്ഷണ വകുപ്പ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

## ആടുവളർത്തലിന്റെ പ്രത്യേകതകൾ

1. കുറഞ്ഞ മുതൽമുടക്ക്
2. ആടുകളെ കൈകാര്യം ചെയ്യാൻ എളുപ്പമാണ്.
3. രണ്ട് വർഷത്തിൽ മൂന്ന് പ്രസവം
4. ഓരോ പ്രസവത്തിലും ഒന്നിലധികം കുട്ടികൾ
5. കുറഞ്ഞ ഗർഭകാലം (5 മാസം)
6. ഔഷധഗുണമുള്ള പാൽ
7. വർദ്ധിച്ച രോഗപ്രതിരോധ ശേഷി
8. എല്ലാവർക്കും സ്വീകാര്യമായ മാംസം
9. കുറഞ്ഞ പരിസരമലിനീകരണ പ്രശ്നങ്ങൾ
10. സ്ഥിരമായ മികച്ച വില

## കേരളത്തിനു യോജിച്ച ആടിനങ്ങൾ

കേരളത്തിന്റെ തനത് ആടിനങ്ങളാണ് മലബാറിയും അട്ടപ്പാടി ബ്ലാക്കും. പാലുല്പാദനശേഷി കൂടിയ വിദേശ ഇനങ്ങളായ സാനൻ, മാംസത്തിനുവേണ്ടി ഉപയോഗിക്കുന്ന ബോയർ, പാലിനും മാംസത്തിനുമായുപയോഗിക്കുന്ന ഉത്തരേന്ത്യൻ ഇനങ്ങളായ ജമുനാപാരി, ബീറ്റൽ, സിരോഹി എന്നിവയും അവയുടെ സങ്കരങ്ങളും കേരളത്തിൽ കണ്ടുവരുന്നു. ഇവയും കേരളത്തിന്റെ തനത് ഇനങ്ങളുമായുള്ള വർഗ്ഗസങ്കരം വഴി ലഭിക്കുന്ന ഒന്നാം തലമുറയിൽപ്പെട്ട ആടുകൾ പാലുൽപാദനത്തിലും മാംസോൽപാദനത്തിലും മെച്ചമാണെങ്കിലും തുടർന്നുവരുന്ന തലമുറകൾ  വളർച്ചാ നിരക്കിലും രോഗപ്രതിരോധ ശേഷിയിലും പിന്നിലാണ്. എന്നാൽ കേരളത്തിന്റെ തനത് ഇനമായ മലബാറി ആടുകൾ ഈ സങ്കരയിനങ്ങളേക്കാൾ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്നു. നല്ലയിനം മലബാറി ആടുകളെ തെരഞ്ഞെടുക്കുകയും അവയുടെ പ്രജനനം വഴിയുണ്ടാകുന്ന കുഞ്ഞുങ്ങളിൽ ഗുണമേന്മയുള്ളവയെ നിലനിർത്തുകയും ചെയ്യുക എന്ന പ്രജനനരീതിയാണ് കേരളത്തിൽ തുടർന്നുവരുന്നത്. ഉയർന്ന പ്രദേശങ്ങളിൽ അട്ടപ്പാടി ബ്ലാക്കിനെയും നിരപ്പായ പ്രദേശങ്ങളിൽ മലബാറിയെയും വളർത്താവുന്നതാണ്.

## മലബാറി

തലശ്ശേരി ആടുകൾ  മാംസത്തിനും, പാലിനും യോജിച്ച ഒരു ദ്വിവിധ ഉപയോഗ ഇനമാണ്.  കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഇവ പ്രധാനമായും കാണപ്പെടുന്നത്. കേരളത്തിലെ മറ്റു പ്രദേശങ്ങളിലും മലബാറി ആടുകളെ കണ്ടുവരുന്നു.  ഇവ ഇടത്തരം വലിപ്പമുള്ളതും, കറുപ്പ്, വെളുപ്പ്, തവിട്ട് എന്നീ നിറങ്ങളിൽ (ഈ നിറങ്ങൾ ഇടകലർന്നും) കാണപ്പെടുന്നു. ഇവയ്ക്ക് ജനിക്കുമ്പോൾ 1.5 കിലോഗ്രാം മുതൽ 3 കിലോഗ്രാം വരെ ഭാരവും പൂർണ്ണ വളർച്ചയിൽ ആണാടിന് 38 - 42 കിലോഗ്രാം ഭാരവും പെണ്ണാടിന് 34-36 കിലോഗ്രാം ഭാരവും ഉണ്ടായിരിക്കും.  ഏകദേശം 1 ലിറ്ററാണ് പ്രതിദിന പാലുൽപാദനം. മുട്ടനാടിൻ കുട്ടികൾക്ക് പ്രതിദിനം 100-120 ഗ്രാം ശരീരഭാര വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ മാംസാവശ്യത്തിനും യോജിച്ച ഒരു ഇനമാണ് മലബാറി.  ഒരു പ്രസവത്തിൽ ഒന്നിൽ കൂടുതൽ കുട്ടികളെ ലഭിക്കും എന്നുള്ളത് മറ്റിനങ്ങളിൽ നിന്നും മലബാറി ആടുകളെ വ്യത്യസ്തമാക്കുന്നു.

## അട്ടപ്പാടി ബ്ലാക്ക്

പാലക്കാടുള്ള അട്ടപ്പാടി മലനിരകളിൽ രൂപംകൊണ്ട ഈ ഇനത്തിന്റെ നിറം  കറുപ്പാണ്. പാൽ ഉൽപാദനത്തിൽ പിന്നിലാണെങ്കിലും നല്ല

രോഗപ്രതിരോധശേഷിയുള്ളതും ഉയർന്ന പ്രദേശങ്ങളിൽ വളർത്താൻ അനുയോജ്യവുമാണ് ഈ ഇനം.

## ആടുകളുടെ തെരഞ്ഞെടുപ്പ്

പ്രാദേശികമായി ലഭിക്കുന്ന മലബാറി ഇനത്തിൽപ്പെട്ടതോ അതിന്റെ സങ്കരങ്ങളോ ആയ നല്ല ആടുകളെ തെരഞ്ഞെടുക്കുന്നതാണ് ഉത്തമം. രണ്ടോ മൂന്നോ കുട്ടികൾ ഒരു പ്രസവത്തിൽ ലഭിച്ച കൂട്ടത്തിൽ നിന്നും ആൺ ആട്ടിൻകുട്ടികളെ വാങ്ങുന്നതായിരിക്കും നല്ലത്. പ്രജനനത്തിനായി ആണാടുകളെ വാങ്ങുമ്പോൾ 6 മാസം (ഭാരം 15 കിലോഗ്രാമിൽ കൂടുതൽ) മുതൽ 2 വയസ്സുവരെയുള്ള ആടുകളെ വേണം വാങ്ങാൻ. തള്ളയാടിന്റെ പാലുൽപാദനം പ്രതിദിനം 1 ലിറ്റർ എങ്കിലും ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. 6-8 മാസത്തിൽ പ്രായപൂർത്തി എത്തിയവയും, അംഗവൈകല്യം ഇല്ലാത്തവയും നല്ല നീളമുള്ള നിവർന്ന കൈകാലുകൾ ഉള്ളവയും ആരോഗ്യമുള്ളവയും ആയിരിക്കണം.

തെരഞ്ഞെടുത്ത പെണ്ണാടിന് പ്രായത്തിന് അനുസരിച്ചുള്ള വളർച്ചയുണ്ടാകണം. തള്ളയാടിന് പ്രതിദിനം 1 ലിറ്റർ എങ്കിലും പാലുൽപാദനം വേണ്ടതാണ്. രണ്ടോ മൂന്നോ കുഞ്ഞുങ്ങളുടെ കൂട്ടത്തിൽ ജനിച്ചതും, നല്ല ആരോഗ്യമുള്ളതും അംഗവൈകല്യങ്ങൾ ഇല്ലാത്തതു മാകണം. പ്രസവിച്ച ആടിന് തെളിഞ്ഞ പാൽ ഞരമ്പുകളും കറവയ്ക്കുശേഷം ചുരുങ്ങുന്ന അകിടുകളും ഒരേ വലിപ്പമുള്ള അല്പം മുമ്പോട്ടു തള്ളിയ കാമ്പുകളും ഉണ്ടായിരിക്കേണ്ടതാണ്.




## പരിപാലന രീതികൾ

1. ആടുകളെ കെട്ടിയിട്ടു വളർത്തുന്ന രീതി.
2. വ്യാപന സമ്പ്രദായം : മേയാൻ ധാരാളം സ്ഥലം ഉള്ളപ്പോൾ അഴിച്ചു വിട്ടു വളർത്തുന്ന രീതി.
3. കൂടുകളിൽ വളർത്തുന്ന രീതി : മേയാനുള്ള സ്ഥലം കുറവുള്ളപ്പോൾ ഈ രീതിയാണ് നല്ലത്. കേരളത്തിൽ ആടിനെ വളർത്തുന്ന പ്രധാന സമ്പ്രദായം ഇതാണ്.

4. അർദ്ധ വ്യാപന സമ്പ്രദായം : കൂട്ടിൽ ഇട്ടു വളർത്തുകയും കുറച്ചു മണിക്കൂറുകൾ പുറത്തു മേയാൻ വിടുകയും ചെയ്യുന്ന രീതി.
5. സംയോജിതരീതി : തോട്ടവിളകളുടെ ഇടയ്ക്ക് മേയാൻ വിടുന്ന രീതി. മണ്ണിന്റെ ഫലഭുഷ്ഠത വർദ്ധിപ്പിക്കുന്നു.

## ആടിന് കൂട് നിർമ്മിക്കുമ്പോൾ

1. ആടുകൾക്കായി ഈർപ്പ സാന്നിധ്യമില്ലാത്ത, നല്ല വായുസഞ്ചാരം ഉള്ള കൂടുകളാണ് നിർമ്മിക്കേണ്ടത്.
2. വെള്ളം കെട്ടിക്കിടക്കാത്ത ഉയർന്ന സ്ഥലത്താണ് കൂട് നിർമ്മിക്കേണ്ടത്. ആവശ്യത്തിന് സൂര്യപ്രകാശവും വായു സഞ്ചാരവും ഉള്ള സ്ഥലമായിരിക്കണം
3. കിഴക്ക് പടിഞ്ഞാറ് ദിശയിലായിരിക്കണം കൂട് നിർമ്മിക്കേണ്ടത്.
4. തറ നിരപ്പിൽ നിന്നും കുറഞ്ഞത് 1 മീറ്റർ (3.28 അടി) ഉയരത്തിലായിരിക്കണം പ്ലാറ്റ്ഫോം നിർമ്മിക്കേണ്ടത്. (പ്ലാറ്റ്ഫോമിന് അടിവശം വൃത്തിയാക്കാനുള്ള സൗകര്യം പരിഗണിക്കുമ്പോൾ 2 മീറ്റർ (6.56 അടി ) ഉയരമാണ് അഭികാമ്യം).
5. പ്ലാറ്റ്ഫോം നിർമ്മിക്കാൻ തെങ്ങ്, കവുങ്ങ്, പന എന്നിവയുടെ തടി ഉപയോഗിക്കാം. റെഡിമെയ്ഡ് ഫൈബർ സ്ലാറ്റുകൾക്ക് ചെലവ് കൂടുമെങ്കിലും കൂടുതൽ കാലം നിലനില്ക്കും.
6. പ്ലാറ്റ്ഫോം നിർമ്മിക്കുന്ന പലകകൾ തമ്മിൽ 1.2– 1.4 സെന്റീമീറ്റർ വിടവ് നിലനിർത്തണം. പലകകൾക്ക് ഒരു ഇഞ്ച് കനവും (2.5 സെന്റീമീറ്റർ), 6 ഇഞ്ച് (12-14 സെന്റീമീറ്റർ ) വീതിയുമാണ് നല്ലത്.
7. തീറ്റപ്പാത്രം 45 - 50 സെന്റീമീറ്റർ ഉയരത്തിൽ സ്ഥാപിക്കുക. സ്വയം നിറയുന്ന വെള്ളപ്പാത്രങ്ങളാണ് അഭികാമ്യം. തീറ്റപ്പാത്രത്തിനും വെള്ളപ്പാത്രത്തിനും 1 അടി (12 ഇഞ്ച്) വീതിയും 3/4 അടി (9 ഇഞ്ച്) ആഴവും വേണം.
8. കൂടുതൽ ആടുകളെ വളർത്തുമ്പോൾ കുട്ടികൾ, പെണ്ണാട്, ഗർഭിണിയാടുകൾ, പ്രസവിച്ച ആടുകൾ, ആണാടുകൾ എന്നിവ





യ്ക്ക് പ്രത്യേകം കൂടുകൾ പണിയുന്നതാണ് നല്ലത്. ഒരു വയസ്സിന് മുകളിലുള്ള പെണ്ണാടുകൾക്ക് ഒരു ചതുരശ്രമീറ്ററും, ആട്ടിൻകുട്ടികൾക്ക് 0.3 ചതുരശ്രമീറ്ററും, മുട്ടനാടുകൾക്ക് 2.5 ചതുരശ്രമീറ്ററും, ഗർഭിണി ആടുകൾക്ക് 1.5 ചതുരശ്ര മീറ്ററും സ്ഥലം ആവശ്യമാണ്.

9. മേൽക്കൂര പണിയാൻ ഓട്, ഓല, തകരം, അലൂമിനിയം ഷീറ്റുകൾ എന്നിവ ഉപയോഗിക്കാം.

10. വ്യാസം കൂടിയ പി.വി.സി പൈപ്പുകൾ ഉപയോഗിച്ച് ചെലവു കുറഞ്ഞ രീതിയിൽ തീറ്റത്തൊട്ടിയും വെള്ളത്തൊട്ടിയും പണിയാവുന്നതാണ്. പുല്ലും, ഇലകളും സൂക്ഷിക്കുന്നതിന് മേൽക്കൂരയ്ക്ക് താഴെ സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

11. ചെറിയ രീതിയിൽ ആടുവളർത്തുന്നവർക്ക് വീടിനോട് ചേർന്നോ അല്ലാതെയോ തറനിരപ്പിൽ നിന്നും 1 മീറ്റർ ഉയരത്തിൽ 2.5 x 1 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ പ്ലാറ്റ്ഫോം നിർമ്മിച്ച് രണ്ട് ആടുകളെയും അതിന്റെ കുട്ടികളെയും വളർത്താവുന്നതാണ്. ഒന്നര മീറ്ററിൽ കുറയാത്ത ഉയരത്തിൽ മേൽക്കൂര ചരിച്ച് പണിയാവുന്നതാണ്.

## 20 ആടുകളെ വളർത്തുന്നതിനുള്ള കൂടിന്റെ മാർഗ്ഗരേഖ

### കുട്ടികളുള്ള ആടുകളെ വളർത്തുവാനുള്ള കൂടിന്റെ അളവുകൾ

നീളം - 20 അടി (6.09 മീറ്റർ) , വീതി - 14 അടി (4.27 മീറ്റർ)

തറനിരപ്പിൽ നിന്നും മേൽക്കൂരയുടെ മദ്ധ്യഭാഗത്തെ ഉയരം- 12 അടി (3.66മീറ്റർ)

തറനിരപ്പിൽ നിന്നും മേൽക്കൂരയുടെ വശത്തെ ഉയരം - 10 അടി (3.05മീറ്റർ)

തട്ടിന്റെ ഉയരം (തറനിരപ്പിൽ നിന്നും) - 5 അടി (1.52 മീറ്റർ)

തട്ടിൽ നിന്നും മേൽക്കൂരയിലേയ്ക്കുള്ള ഉയരം - 7 അടി (2.33 മീറ്റർ)

തട്ടിലെ പലകകൾ തമ്മിലുള്ള വിടവ് - 12-14 മില്ലിമീറ്റർ (1.2- 1.4 സെന്റീമീറ്റർ)

കൂട്ടിനുള്ളിലാവശ്യമായ ആകെ സ്ഥലം - 200 ചതുരശ്ര അടി + 80 ചതുരശ്ര അടി (കുട്ടികൾക്ക്) /18.58 ചതുരശ്ര മീറ്റർ + 7.43 ചതുരശ്ര മീറ്റർ (കുട്ടികൾക്ക്)

തീറ്റപ്പാത്രത്തിന്റെ അളവ് - ആടൊന്നിന് 12 ഇഞ്ച് വീതി, 9 ഇഞ്ച് ആഴം, 1 അടി നീളം. തീറ്റപ്പാത്രം തട്ടിൽ നിന്നും 18-20 ഇഞ്ച് ഉയരത്തിൽ ആയിരിക്കണം

## ആടിന് തീറ്റ നൽകുമ്പോൾ

പശുക്കളെ അപേക്ഷിച്ച് ആടുകൾക്ക് തീറ്റയിൽ ഖരവസ്തുവിന്റെ ആവശ്യകത കൂടുതലായതിനാൽ (ശരീരഭാരത്തിന്റെ 5-7%) വൃക്ഷ വിളകളുടെ ഇലകളാണ്, പുല്ലുവർഗ്ഗങ്ങളെക്കാൾ ആടുകളുടെ തീറ്റയ്ക്ക് അനുയോജ്യം. പശുക്കളെയും എരുമകളെയും പോലെ ആടുകളും

അയവെട്ടുന്ന മൃഗങ്ങളാണ്. അവയുടെ ആമാശയത്തിന് നാല് അറകൾ ഉള്ളതിൽ ഏറ്റവും വലുതും ആദ്യത്തേതുമായ അറ റുമൻ ആണ്. ഇതിലെ സൂക്ഷ്മ ജീവികളാണ് ദഹനത്തിൽ പ്രധാന പങ്ക് വഹിക്കുന്നത്. ഈ സൂക്ഷ്മ ജീവികൾ നശിക്കുന്നതു കൊണ്ടാണ് അമിതമായ അളവിൽ അന്നജമടങ്ങിയ കഞ്ഞി, കപ്പ, ചക്കപ്പഴം എന്നിവ കൊടുക്കുമ്പോൾ ദഹന പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ആടിന്റെ പ്രധാന ആഹാരം നാരുകൾ അടങ്ങിയ പുല്ല്, പച്ചിലകൾ മുതലായവയാണ്.

പുല്ല്, ഇലകൾ തുടങ്ങിയ നാരുകൾ ധാരാളമുള്ള പരുഷാ ഹാരവും, ധാന്യങ്ങൾ, പിണ്ണാക്ക്, തവിടുകൾ, ഉണക്കക്കപ്പ തുടങ്ങി യവ ചേർന്ന സാന്ദ്രീകൃതാഹാരങ്ങളും ശരിയായ അളവിലും അനുപാതത്തിലും ആടുകൾക്ക് നല്കേണ്ടതാണ്. പരുഷാഹാരങ്ങളായി (നാരുകൾ കൂടുതലുളളവ) പുല്ലുവർഗ്ഗങ്ങളായ സങ്കര നേപ്പിയർ, ഗിനിപ്പുല്ല്, പാരപ്പുല്ല്, പയറുവർഗ്ഗങ്ങളായ സ്റ്റൈലോസാന്തസ്, ലുസേൺ മുതലായവ നല്കാവുന്നതാണ്. കൂടാതെ വൃക്ഷവിളകളായ പ്ലാവ്, വേങ്ങ, പീലിവാക, ശീമക്കൊന്ന എന്നിവയുടെ ഇലകളും നൽകാവുന്നതാണ്. പീലിവാകയും ശീമക്കൊന്നയും, പയറുവർഗ്ഗ ചെടികളും പരുഷാഹാരത്തിന്റെ 15-30% ആയി പരിമിതപ്പെടുത്തണം. നീളമുള്ള പുല്ലുകൾ ചെറുതായി നുറുക്കി നല്കണം. ശീമക്കൊന്നയിലയും പയറുവർഗ്ഗ ചെടികളും വെയിലത്ത് വാട്ടിയശേഷം മാത്രം കൊടുക്കുക.

## സാന്ദ്രീകൃതാഹാരം

പിണ്ണാക്കുകൾ, ധാന്യങ്ങൾ, തവിട്, ഉണക്കക്കപ്പ, ധാതുലവണ മിശ്രിതം, ഉപ്പ് എന്നിവ ശരിയായ അനുപാതത്തിൽ അടങ്ങിയ തീറ്റ മിശ്രിതങ്ങൾ ആടിനു നൽകുവാൻ ലഭ്യമാണ്. ആറു മാസം വരെ ആട്ടിൻകുട്ടികൾക്ക് നല്കാനുള്ള ഗുണമേന്മയുള്ള കിഡ് സ്റ്റാർട്ടർ തീറ്റയും (Kid starter) ലഭ്യമാണ്. ഇത് രണ്ടാഴ്ച പ്രായം മുതൽ കുറേശ്ശെ കൊടുത്തു തുടങ്ങാവുന്നതാണ്.

## സാന്ദ്രീകൃത ആഹാരം ഒരു മാതൃക

| | |
|---|---|
| നിലക്കടലപ്പിണ്ണാക്ക് | 30 ഭാഗം |
| തവിട് | 30 ഭാഗം |
| മഞ്ഞച്ചോളം | 27 ഭാഗം |
| തേങ്ങപ്പിണ്ണാക്ക് | 10 ഭാഗം |
| ധാതുലവണ മിശ്രിതം | 2 ഭാഗം |
| ഉപ്പ് | 1 ഭാഗം |

## ആട്ടിൻകുട്ടികൾക്ക് നൽകാനുള്ള സമീകൃത തീറ്റയുടെ (കിഡ് സ്റ്റാർട്ടർ) മാതൃക

| | |
|---|---|
| മുതിര | 30 ഭാഗം |
| മഞ്ഞച്ചോളം/ഗോതമ്പ് /ജോവർ | 30 ഭാഗം |
| അരിത്തവിട് | 15 ഭാഗം |
| എണ്ണ മാറ്റിയ നിലക്കടലപ്പിണ്ണാക്ക് | 12 ഭാഗം |
| സോയാബീൻ മീൽ | 10 ഭാഗം |
| ധാതുലവണ മിശ്രിതം | 2 ഭാഗം |
| ഉപ്പ് | 1 ഭാഗം |

100 കിലോഗ്രാം തീറ്റമിശ്രിതത്തിൽ 25 ഗ്രാം വിറ്റാമിൻ $AB_2D_3$ ചേർക്കണം.

## ആട്ടിൻകുട്ടികളുടെ തീറ്റക്രമം

| ആടിന്റെ / ആട്ടിൻകുട്ടിയുടെ പ്രായം | ഏകദേശ ശരീര ഭാരം കിലോഗ്രാം | കൊടുക്കേണ്ട പാലിന്റെ അളവ് | കൊടുക്കേണ്ട കിഡ്സ്റ്റാർട്ടർ അളവ് | കൊടുക്കേണ്ട പച്ചപ്പുല്ലിന്റെ അളവ് |
|---|---|---|---|---|
| ജനനം മുതൽ 4 ദിവസം വരെ | 1.5 – 2 kg | കന്നിപ്പാൽ | | |
| 5 - 30 ദിവസം | 2 - 3 kg | 300-500 g | ചെറിയ അളവ് | ചെറിയ അളവ് |
| 31 - 60 ദിവസം | 3 - 5 kg | 400-600 g | 50 - 100 g | ചെറിയ അളവ് |
| 61 - 90 ദിവസം | 5 - 7.5 kg | 500-750 g | 100-200 g | 250 - 500 g |
| 91 - 120 ദിവസം | 7.5 – 10 kg | - | 200 – 250 g | 500 - 750 g |
| 5 - 6 മാസം | 10-15 kg | - | 250 - 300 g | 750- 1000 g |

## ആടുകളുടെ തീറ്റക്രമം

| | ഏകദേശ ശരീര ഭാരം കിലോഗ്രാം | ഒരു ദിവസം നൽകേണ്ട തീറ്റ | |
|---|---|---|---|
| | | സാന്ദ്രീകൃതത്തീറ്റ കിലോഗ്രാം | പച്ചപ്പുല്ല് കിലോഗ്രാം |
| വളരുന്നവ 6 - 12 മാസം | 15-20 kg | 300-400 g | 1-2 kg |
| മുതിർന്ന പെണ്ണാട് | 25-30 kg | 200-300 g | 2-3 kg |
| മുട്ടനാടുകൾ | 30-40 | 400-500 g | 3-5 kg |

ആറുമാസം മുതൽ മുതിർന്ന ആടുകൾക്കുള്ള തീറ്റയാണ് നൽകേണ്ടത്. ശരീരഭാരത്തെ അടിസ്ഥാനമാക്കിയുള്ള പരിചരണ റേഷനുപുറമേ കറവയുള്ള ആടുകൾക്ക് 1 ലിറ്റർ പാലിന് 400ഗ്രാം എന്ന കണക്കിലും, ഗർഭിണിയാടുകൾക്ക് 90-ാം ദിവസം മുതൽ (4, 5 മാസങ്ങളിൽ) പ്രസവം വരെ 200-300 ഗ്രാം എന്ന നിരക്കിലും ദിവസവും സാന്ദ്രീകൃത തീറ്റ അധികമായി നല്കേണ്ടതാണ്. കറവയില്ലാത്തതും, ഗർഭിണിയല്ലാത്തതുമായ ഒരു വയസ്സിന് മുകളിലുള്ള ആടുകൾക്ക് നല്ലയിനം പുല്ലുവർഗ്ഗങ്ങളുടെയും, പയർ വർഗ്ഗ ചെടികളുടെയും മിശ്രിതം ആവശ്യാനുസരണം നല്കിയാൽ സാന്ദ്രീകൃത തീറ്റ നല്കേണ്ടതില്ല. സാന്ദ്രീകൃത തീറ്റ ദിവസം രണ്ടു നേരമായി നൽകാവുന്നതാണ്.

ഗിനിപ്പുല്ല്



ചുവന്ന നേപിയർ



കോങ്കോ സിഗ്നൽ



ഡ്വാർഫ് നേപ്പിയർ



## കുടിവെള്ളം

കാലാവസ്ഥ, പ്രായം, ഭാരം, കഴിക്കുന്ന ആഹാരം എന്നിവ അനുസരിച്ച് ആടുകൾ ദിവസം 4-7 ലിറ്റർ വരെ വെള്ളം കുടിക്കാറുണ്ട്. എല്ലാ സമയവും കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.



## ആടിന്റെ പ്രത്യുൽപാദനം

പെണ്ണാടുകൾ 7 മാസം മുതൽ ഒരു വയസ്സിനുള്ളിൽ പ്രായ പൂർത്തിയാകുന്നു. അവയെ 8-12 മാസം പ്രായമാകുമ്പോൾ (15 കിലോഗ്രാം എങ്കിലും ഭാരം ഉണ്ടായിരിക്കണം) ഇണ ചേർക്കാവുന്നതാണ്. പ്രായ പൂർത്തിയായി കഴിഞ്ഞാൽ ഓരോ 18-21 ദിവസത്തിലും മദി ലക്ഷണങ്ങൾ കാണിക്കുന്നു. മദി ലക്ഷണങ്ങൾ 24-48 മണിക്കൂർ (ശരാശരി 36 മണിക്കൂർ) നീണ്ടു നിൽക്കുന്നു. മദി ലക്ഷണങ്ങൾ തുടങ്ങി 12 മുതൽ 18 മണിക്കൂറിനുള്ളിൽ ഇണ ചേർക്കുകയോ കൃത്രിമ ബീജസങ്കലനം നടത്തുകയോ ചെയ്യാം. വാൽ തുടർച്ചയായി ചലിപ്പിക്കുക, ഇടവിട്ടുള്ള കരച്ചിൽ, അസ്വസ്ഥത, പരിഭ്രമം, തുടരെത്തുടരെ കുറഞ്ഞ അളവിൽ മൂത്രമൊഴിക്കുക, തീറ്റ കഴിക്കുന്നത് കുറയുക, പാലുല്പാദനം കുറയുക, ഈറ്റത്തിൽ നിന്നും നിറമില്ലാത്ത ദ്രാവകം ഒലിക്കുക, മറ്റാടുകളുടെ പുറത്ത് കയറുകയും കയറാൻ നിന്ന് കൊടുക്കുകയും ചെയ്യുക ഇവയാണ് മദിലക്ഷണങ്ങൾ.

ആണാടുകൾ 7-8 മാസത്തിൽ പ്രായപൂർത്തിയാകുകയും 9-10 മാസം മുതൽ ഇണചേർക്കാൻ ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്. അന്തർപ്രജനനം (ഇൻബ്രീഡിംഗ്) കർശനമായി ഒഴിവാക്കേണ്ടതാണ്. രക്തബന്ധമുള്ള ആണാടിനെയും, പെണ്ണാടിനെയും ഇണ ചേർക്കുവാൻ പാടില്ല. 25 പെണ്ണാടുകൾക്ക് ഒരു ആണാടിനെ ഉപയോഗിച്ചാൽ മതിയാകും. 6-8 വയസ്സ് പ്രായമാകുന്നതുവരെ ആണാടിനെ ഇണചേർക്കാൻ ഉപയോഗിക്കാവുന്നതാണ്.

മൃഗസംരക്ഷണ വകുപ്പിലെ മൃഗാശുപത്രികൾ/മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ തുടങ്ങിയവവഴി നല്ലയിനം മലബാറി മുട്ടനാടുകളുടെ ശീതീകരിച്ച ബീജം ഉപയോഗിച്ച് കൃത്രിമ ബീജസങ്കലനം നടത്തിവരുന്നു.

ആടിന്റെ ഗർഭകാലം 145 മുതൽ 156 ദിവസം വരെയാണ്. ഗർഭമുള്ള ആടുകളെ 4-ാം മാസം മുതൽ പ്രത്യേകം പാർപ്പിച്ച് സംരക്ഷിക്കേണ്ടതാണ്. പെട്ടെന്ന് ദഹിക്കുന്ന തീറ്റകൾ നല്കേണ്ടതും, പരസ്പരം പോരടിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. കറവ പ്രസവത്തിന് ഒരു മാസം മുന്നേ ഒഴിവാക്കേണ്ടതാണ്. ഗർഭമലസൽ സംഭവിച്ച ആടുകളുമായി ഇടപഴകാൻ അനുവദിക്കരുത്. പ്രസവത്തിന് മുമ്പ് അകിടിലും, പിൻവശത്തുമുള്ള നീളം കൂടിയ രോമങ്ങൾ മുറിച്ചു മാറ്റുന്നത് നല്ലതാണ്. ഗർഭിണി ആടുകൾക്ക് ക്രമപ്രകാരം നൽകേണ്ട ഊർജ്ജസമ്പുഷ്ടമായ തീറ്റ ഈ സമയത്ത് നൽകാൻ ശ്രദ്ധിക്കണം. ഗർഭകാലത്തിന്റെ 3, 4 മാസങ്ങളിൽ ടെറ്റനസ് രോഗത്തിനെതിരെ പ്രതിരോധകുത്തിവയ്പ് നൽകുന്നുവെന്ന് ഉറപ്പുവരുത്തുക.

### പ്രസവലക്ഷണങ്ങൾ

വാൽ ഉയർത്തി പിടിക്കുക, വയറിന്റെ ഇരുവശവും നന്നായി കുഴിഞ്ഞു കാണുക, ധൃതിയിലുള്ള അയവെട്ടൽ, തറയിൽ കാൽ കൊണ്ട് മാന്തുക, ശബ്ദം താഴ്ത്തിയുള്ള കരച്ചിൽ, അകിടിൽ പാൽ നിറഞ്ഞുവരിക, കിടക്കുകയും പെട്ടെന്ന് എഴുന്നേൽക്കുകയും ചെയ്യുക എന്നിവ പ്രസവത്തോടനുബന്ധിച്ചുള്ള ലക്ഷണങ്ങളാണ്. ഈറ്റത്തിൽ നിന്നും കൊഴുത്ത ദ്രാവകം പുറത്തു വരുന്നു. തണ്ണീർക്കുടം (വാട്ടർ ബാഗ്) പൊട്ടി രണ്ടു മണിക്കൂറിനുള്ളിൽ കുട്ടി പുറത്തു വന്നില്ലെങ്കിൽ വെറ്ററിനറി ഡോക്ടറുടെ സഹായം തേടേണ്ടതാണ്. പ്രസവശേഷം 2-6 മണിക്കൂറിനുള്ളിൽ സാധാരണ മറുപിള്ള പുറത്തു വരുന്നു. 12 മണിക്കൂറിനുള്ളിൽ മറുപിള്ള പുറത്തുപോയില്ലെങ്കിൽ വിദഗ്ധ സഹായം തേടുക. പ്രസവത്തിനു 45 ദിവസത്തിനുശേഷം ആടിനെ വീണ്ടും ഇണചേർക്കാവുന്നതാണ്.

### നവജാതകുട്ടികൾക്ക് നൽകേണ്ട ശുശ്രൂഷ

ആട്ടിൻകുട്ടിയുടെ മൂക്ക് വൃത്തിയുള്ള തുണി ഉപയോഗിച്ച് പിഴിഞ്ഞ് തുടയ്ക്കുക. ആവശ്യമെങ്കിൽ പിൻകാലുകളിൽ ഉയർത്തി തലകീഴായി പിടിച്ച് ചെറുതായി ആട്ടുക. തള്ളയാട് കുട്ടികളെ നക്കി ത്തുടച്ച് വൃത്തിയാക്കുമ്പോഴാണ് കുട്ടികളുമായുള്ള ബന്ധം സ്ഥാപിത മാകുന്നത്. ആയതിനാൽ ശല്യപ്പെടുത്താതെ തള്ളയാടിന് അതിനുള്ള അവസരം നല്കുക. പൊക്കിൾക്കൊടിയുടെ സംരക്ഷണം അതീവ പ്രാധാന്യമുള്ളതാണ്. പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി ഉപയോഗിച്ച് കഴുകിയതിനുശേഷം ശരീരനിരപ്പിൽനിന്നും ഒരിഞ്ചു താഴെയായി വൃത്തിയുള്ള നൂലുകൊണ്ട് കെട്ടുക. കെട്ടിൽ നിന്നും ഒരിഞ്ച് താഴെയായി പൊക്കിൾക്കൊടി മുറിച്ച് ടിഞ്ചർ അയഡിൻ ലായനിയിൽ മുക്കുക.

## കന്നിപ്പാൽ

കന്നിപ്പാലിൽ രോഗപ്രതിരോധശേഷി നൽകുന്ന ഘടകങ്ങളും, ഉയർന്ന അളവിൽ മറ്റ് പോഷകഘടകങ്ങളും അടങ്ങിയിരിക്കുന്നു. ജനിച്ച് അര മണിക്കൂറിനുള്ളിൽ കുട്ടികൾക്ക് കന്നിപ്പാൽ നല്കേണ്ടതാണ്. ആദ്യ മൂന്നോ നാലോ ദിവസം കുട്ടികളെ തള്ളയാടിന്റെ കൂടെനിർത്തി പാൽ കുടിക്കാൻ അനുവദിക്കേണ്ടതാണ്. കന്നിപ്പാൽ ലഭ്യമല്ലെങ്കിൽ അടിത്തിടെ പ്രസവിച്ച ആടിന്റെ പാൽ കൊടുക്കാം. അതും ലഭ്യമല്ലെങ്കിൽ മറ്റൊരാടിന്റെ പാലോ, കൊഴുപ്പുകുറഞ്ഞ പശുവിൻപാലോ വിറ്റമിൻ 'എ' ചേർത്ത് (കോഡ് ലിവർ ഓയിൽ) സംപുഷ്ടീകരിച്ച് നൽകാവുന്നതാണ്.

ആട്ടിൻകുട്ടി ജനിച്ച് ആദ്യമാസം അതിന്റെ ശരീരഭാരത്തിന്റെ 1/6 എന്ന അളവിൽ ദിവസവും പാൽ കുടിക്കാൻ അനുവദിക്കുക. പാൽ മൂന്നോ നാലോ തവണയായി നൽകാവുന്നതാണ്. രണ്ടാം മാസം ശരീരഭാരത്തിന്റെ 1/8 ഉം മൂന്നാം മാസത്തിൽ 1/10 ഉം എന്ന കണക്കിൽ പാൽ നൽകേണ്ടതാണ്. രണ്ടാം മാസവും മൂന്നാം മാസവും ദിവസം രണ്ടുനേരം പാൽ നൽകിയാൽ മതിയാകും. രണ്ടാമത്തെ ആഴ്ച മുതൽ ചെറിയ അളവിൽ കിഡ് സ്റ്റാർട്ടറും, നല്ല ഇലകളും/പുല്ലും നൽകിത്തുടങ്ങാവുന്നതാണ്. മൂന്ന് മാസത്തിനു ശേഷം പാൽ നല്കേണ്ട ആവശ്യമില്ല.



## ആരോഗ്യ സംരക്ഷണം

മറ്റു വളർത്തുമൃഗങ്ങളെ അപേക്ഷിച്ച് പൊതുവെ ആടുകൾക്ക് രോഗപ്രതിരോധശേഷി കൂടുതലാണ്. എന്നാലും കാലാവസ്ഥാവ്യതിയാനം, അശാസ്ത്രീയപരിപാലനം, സമീകൃതാഹാരത്തിന്റെ ലഭ്യതക്കുറവ് തുടങ്ങിയവ കാരണം ആടുകളിലെ രോഗവും മരണ നിരക്കും വർദ്ധിച്ചു വരുന്നതായി കാണുന്നു. ആടുകളിലെ രോഗങ്ങളെ രണ്ടായി തിരിക്കാം.

(1) മോശം പരിപാലനവും പോഷകാഹാരക്കുറവും കാരണമായുണ്ടാകുന്നവ (2) രോഗകാരികളായ ബാക്ടീരിയ, വൈറസ്, പരാദങ്ങൾ എന്നിവ കാരണമായുണ്ടാകുന്നവ.

## മോശം പരിപാലനവും, പോഷകാഹാരക്കുറവും കാരണമായുണ്ടാകുന്ന രോഗങ്ങൾ

### 1. മൂത്രാശയത്തിലെയും മൂത്രനാളിയിലെയും കല്ല് (Urolithiasis)

ആണാടുകളിൽ രണ്ടുമാസം മുതൽ തന്നെ ഈ രോഗം കണ്ടുവരുന്നു. പ്രധാനലക്ഷണങ്ങൾ മൂത്രമൊഴിക്കുമ്പോഴുളള വേദനയും, കരച്ചിലും





തുളളി തുളളിയായി മൂത്രം പോകുന്നതുമാണ്. ശസ്ത്രക്രിയയിലൂടെ ഫലപ്രദമായ ചികിത്സ ലഭ്യമാണ്. അമിതമായി സാന്ദ്രീകൃതാഹാരം നൽകുക, പരുഷാഹാരത്തിന്റെ കുറവ്, ആട്ടിൻകുട്ടികൾക്ക് പശുക്കൾക്കുളള തീറ്റ നൽകുക, കുറഞ്ഞ അളവിൽ വെള്ളം കുടിക്കുക, തുടങ്ങിയവയെല്ലാം ഈ രോഗത്തിന് കാരണമാകുന്നു.

നിയന്ത്രിതമായ സാന്ദ്രീകൃതാഹാരം നൽകൽ, കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തൽ, തീറ്റയിൽ 2% മുതൽ 5% വരെ കറിയുപ്പ്, 0.5% മുതൽ 1% വരെ അമോണിയം ക്ലോറൈഡ് എന്നിവ ചേർത്ത് കൊടുക്കുക. വിറ്റമിൻ A നൽകൽ തുടങ്ങിയവ ഈ അസുഖത്തിനെ പ്രതിരോധിക്കുന്നതിന് നല്ലതാണ്.

### 2. കുളമ്പിനെ ബാധിക്കുന്ന അസുഖങ്ങൾ

ആടുകളെ അധികനേരം കൂടുകളിൽ തന്നെ പാർപ്പിക്കുന്നതും, സ്ഥലലഭ്യത കുറയുന്നതും, കുളമ്പ് തേയ്മാനം കുറയ്ക്കുകയും അതുവഴി രോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. അമിതമായി വളർന്ന കുളമ്പുകളും, അണുബാധയും, മുടന്തുമെല്ലാം ഇതിന്റെ ലക്ഷണങ്ങളാണ്. ഡോക്ടറുടെ ഉപദേശപ്രകാരം സിങ്ക് സൾഫേറ്റ്, തുരിശ്, ഫോർമാലിൻ എന്നിവയിലേതെങ്കിലും ഒന്ന് ചേർത്ത വെള്ളത്തിൽ കുറച്ചുനേരം കുളമ്പ് മുക്കിവയ്ക്കുന്നത് വഴി ഈ അസുഖം നിയന്ത്രിയ്ക്കുവാൻ സാധിക്കും. കൂടാതെ ധാതുലവണ മിശ്രിതങ്ങൾ 7 ഗ്രാം മുതൽ 10 ഗ്രാം വരെ തീറ്റയിൽ ചേർത്ത് നൽകേണ്ടതാണ്.

### 3. ദഹനസംബന്ധമായ അസുഖങ്ങൾ

ദഹനക്കേട്, വയറിളക്കം, വയറുകമ്പനം എന്നീ രോഗങ്ങൾ ആടുകളിൽ സർവ്വസാധാരണമാണ്. കൂടുതൽ അന്നജം അടങ്ങിയ കഞ്ഞി, കപ്പ, ചക്കപ്പഴം മുതലായവയും, പയറുവർഗ്ഗത്തിൽപ്പെട്ട ചെടികളും, അമിതമായി കൊടുക്കുമ്പോൾ ദഹന പ്രശ്നങ്ങൾ ഉണ്ടാകുന്നു. പെട്ടെന്ന് തീറ്റയിലുണ്ടാകുന്ന മാറ്റം നന്നല്ല. ഏതു തീറ്റയും ആദ്യമായി കൊടുക്കുമ്പോൾ ചെറിയ അളവിൽ നല്കിത്തുടങ്ങുകയും ക്രമേണ അളവ് വർദ്ധിപ്പിച്ച് രണ്ടാഴ്ചയെങ്കിലും എടുത്ത് നിശ്ചിത അളവിൽ എത്തിക്കേണ്ടതുമാണ്.

### 4. വിഷബാധ

വിഷാംശം അടങ്ങിയ ചെടികളായ മരിച്ചീനിയില, പീലിവാകയില എന്നിവ അമിതമായി കൊടുക്കുന്നത് വിഷബാധയ്ക്ക് കാരണമാകും. കൂടാതെ വിഷച്ചെടികളായ ആനത്തൊട്ടാവാടി, കൊങ്ങിണിച്ചെടി, അരളി, ഉമ്മം എന്നിവ കൊടുക്കുന്നതും, പൂപ്പൽ ബാധിച്ച തീറ്റ കൊടുക്കുന്നതും അപകടം ക്ഷണിച്ചു വരുത്തും.

### 5. പോഷകകുറവുമൂലമുണ്ടാകുന്ന രോഗങ്ങൾ

കാത്സ്യം, വൈറ്റമിനുകൾ (പ്രധാനമായും വിറ്റാമിൻ - എ) എന്നിവയുടെ അപര്യാപ്തത കാരണമായുണ്ടാകുന്ന രോഗങ്ങൾക്കെതിരെയും ജാഗ്രത പുലർത്തേണ്ടതാണ്.

## ബാക്ടീരിയ മൂലമുള്ള രോഗങ്ങൾ

### 1. എന്ററോടോക്സീമിയ, ടെറ്റനസ്

ക്ലോസ്ട്രിഡിയം വിഭാഗത്തിൽപ്പെട്ട ബാക്ടീരിയകൾ ഉണ്ടാക്കുന്ന രണ്ട് പ്രധാനപ്പെട്ട രോഗങ്ങളായ എന്ററോടോക്സീമിയ, ടെറ്റനസ് എന്നിവ ആടുകൾക്ക് മാരകമാണ്. ആട്ടിൻകുട്ടികൾക്ക് ടെറ്റനസ് രോഗം വരാതിരിക്കുന്നതിന് ഗർഭിണിയാടിന് ഗർഭകാലത്തിന്റെ മൂന്നാം മാസവും, നാലാം മാസവും ഓരോ ഡോസ് വാക്സിൻ നൽകേണ്ടതാണ്. എൻററോടോക്സീമിയ രോഗത്തിനെതിരെ ആറ് മാസം പ്രായമാകുമ്പോൾ പ്രതിരോധ കുത്തിവയ്പ്പ് നൽകേണ്ടതാണ്. ഓരോവർഷവും ആവർത്തിക്കണം. ഈ വാക്സിൻ കാലവർഷ ത്തിന് മുമ്പ് നൽകുന്നതാണ് നല്ലത്. ബാക്ടീരിയ കാരണമായു ണ്ടാകുന്ന കുരലടപ്പൻ, അടപ്പൻ എന്നീ രോഗങ്ങൾക്കെതിരെയും പ്രതിരോധ വാക്സിനുകൾ ലഭ്യമാണ്.

### 2. അകിടു വീക്കം

അകിടുവീക്കം ബാധിക്കുമ്പോൾ അകിടിനു നീരും, വേദനയും, ചുവപ്പും ഉണ്ടാകുകയും പാലിന് നിറവ്യത്യാസം വരികയും, പാലുല്പാദനം കുറയുകയോ, പാടേ നിൽക്കുകയോ ചെയ്യും. കൃത്യ സമയത്ത് ചികിത്സ ലഭ്യമാക്കുന്നതിനോടൊപ്പം അകിടിന്റെയും, നിൽക്കുന്ന സ്ഥലത്തിന്റയും ശുചിത്വത്തിൽ ശ്രദ്ധിക്കുകയും വേണം. എങ്കിൽ മാത്രമേ അകിടുവീക്കം നിയന്ത്രിക്കുവാൻ കഴിയൂ.

### 3. ന്യൂമോണിയ (ശ്വാസകോശത്തിലെ നീർക്കെട്ട്)

അന്തരീക്ഷത്തിൽ ഈർപ്പവും, തണുപ്പും കൂടുകയും, ശരിയായ വായു സഞ്ചാരം കൂട്ടിൽ ഇല്ലാതിരിക്കുകയും ചെയ്യുമ്പോഴാണ് ശ്വാസകോശരോഗങ്ങൾ ഉണ്ടാകുന്നത്. ചുമയും ശ്വാസംമുട്ടും, മൂക്കൊലിപ്പും ലക്ഷണങ്ങളായുള്ള ഈ രോഗത്തിന് മരണനിരക്ക് കൂടുതലാണ്. വിദഗ്ദ്ധ ചികിത്സ രോഗത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## വൈറസ് രോഗങ്ങൾ

ആടുവസന്തയും, കുളമ്പുരോഗവുമാണ് ആടുകളിൽ കാണുന്ന പ്രധാന വൈറസ് രോഗങ്ങൾ. ശ്വസനവ്യവസ്ഥയെ പ്രധാനമായി ബാധിക്കുന്ന പകർച്ചവ്യാധിയായ ആടുവസന്തയ്ക്ക് ചികിത്സ ഫലപ്രദമല്ലാത്തതുകൊണ്ട് പ്രതിരോധ മാർഗ്ഗമായി വാക്സിൻ നല്കേണ്ടതാണ്. ആടുവസന്തയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ് ആദ്യ ഡോസ് നാലാം മാസത്തിലും തുടർന്ന് മൂന്ന് വർഷത്തിലൊരിക്കലും നൽകേണ്ടതാണ്. കുളമ്പുരോഗത്തിന് പ്രതിരോധമായി ആട്ടിൻകുട്ടികൾക്ക് നാലാം മാസത്തിൽ ആദ്യ ഡോസ് നല്കേണ്ടതും ആറു മാസം



കൂടുമ്പോൾ ആവർത്തിക്കേണ്ടതുമാണ്. ഇത് സ്ഥലത്തെ വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം ചെയ്താൽ മതി.

### പരാദരോഗങ്ങൾ

പട്ടുണ്ണി, പേൻ മുതലായ ബാഹ്യപരാദങ്ങളും, വിരകൾ ഏകകോശ ജീവികളായ കോക്സീഡിയ തുടങ്ങിയ ആന്തരപരാദങ്ങളും ആടുകളിൽ രോഗങ്ങളുണ്ടാക്കുന്നു. കോക്സീഡിയ എന്ന ഏകകോശ ജീവി ആട്ടിൻകുട്ടികളിൽ ഗുരുതരമായ വയറിളക്കരോഗത്തിന് കാരണമാകുന്നു. രോഗം കണ്ടാൽ ഉടനെ തന്നെ വിദഗ്ധോപദേശം തേടേണ്ടതാണ്. വിരമരുന്നുകൾക്കെതിരെ പരാദങ്ങൾ പ്രതിരോധശേഷി ആർജ്ജിക്കുന്നതുകൊണ്ട് മതിയായ മാത്രയിൽ മരുന്നുകൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ആട്ടിൻകുട്ടി ജനിച്ച് ആറ് മുതൽ എട്ട് ആഴ്ചയ്ക്കുള്ളിൽ വിദഗ്ധോപദേശ പ്രകാരം ആദ്യ ഡോസ് വിര മരുന്ന് നൽകുക. പിന്നീട് കാഷ്ഠം പരിശോധിച്ചശേഷം വിരമരുന്ന് നൽകുന്നതാണ് ഉത്തമം. അതിനു സൗകര്യമില്ലെങ്കിൽ ആറ് മാസത്തിലൊരിക്കൽ നൽകാവുന്നതാണ്. ബാഹ്യ പരാദരോഗങ്ങളെ മരുന്നുകൊണ്ടും, സന്തുലിതമായ തീറ്റകൊണ്ടും ഒഴിവാക്കാവുന്നതാണ്.

പുതിയതായി കൊണ്ടുവരുന്ന ആടുകളെ മാറ്റിപ്പാർപ്പിക്കലിനു (Quarantine) ശേഷം മാത്രമേ കൂട്ടിനുള്ളിൽ മറ്റുള്ളവയ്ക്കൊപ്പം ചേർക്കാൻപാടുള്ളൂ. കൂട്ടിൽ ഈർപ്പമൊഴിവാക്കുകയും തറവൃത്തിയുള്ളതാക്കുകയും നല്ല വായു സഞ്ചാരം ഉറപ്പാക്കുകയും വേണം. വിസർജ്ജ്യങ്ങൾ കൃത്യമായി മാറ്റുകയും സംസ്ക്കരിക്കുകയും ചെയ്യേണ്ടതാണ്. രോഗങ്ങൾക്കെതിരെ മുൻകരുതൽ എടുക്കുകയും, പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുകയും വേണം.

### ആടുവളർത്തുമ്പോൾ ശ്രദ്ധിക്കുക

1. പഠനപരിശീലനങ്ങളും മുന്നൊരുക്കങ്ങളുമില്ലാതെ ആടുഫാമുകൾ തുടങ്ങരുത്.
2. തുടക്കത്തിൽ വലിയ മുതൽ മുടക്ക് അഭികാമ്യമല്ല. ചെറിയ രീതിയിൽ 5-10 ആടുകളെ വളർത്തി തുടങ്ങുക.
3. ആടിനു വേണ്ട പച്ചപ്പുല്ലിന്റേയും ഇലകളുടേയും ലഭ്യത ആവശ്യത്തിനുണ്ടെങ്കിൽ മാത്രമേ ആടുവളർത്തൽ ലാഭകരമാകുകയുള്ളു. തനിവിളയായി നല്ലയിനം തീറ്റപ്പുല്ല് ഒരേ ക്കറിൽ വളർത്തിയാൽ 50 ആടുകളെ വളർത്താം.
4. പരിചരണം, രോഗനിയന്ത്രണം എന്നിവയിൽ ശ്രദ്ധ ചെലുത്തുക.
5. സർക്കാർ സബ്സിഡികൾ, സഹായങ്ങൾ, പരിശീലനങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുക.

6. തുടക്കക്കാർ 6 മാസം മുതൽ 1 വയസ്സുവരെയുള്ള ആടുകളെ (15 കിലോഗ്രാമിനു മുകളിൽ ശരീരഭാരമുള്ളവ ) വാങ്ങുന്നതാണ് നല്ലത്.

7. രേഖകൾ ശരിയായി സൂക്ഷിക്കുക.
   a) ഓരോ ആടുകളെയും കുറിച്ചുള്ള വിവരങ്ങൾ
   b) ജനന വിവരങ്ങൾ
   c) പ്രജനന വിവരങ്ങൾ (ആണാടിന്റേയും, പെണ്ണാടിന്റേയും)
   d) തീറ്റ രജിസ്റ്റർ
   e) ചികിത്സ/വാക്സിനേഷൻ രജിസ്റ്റർ
   f) വരവ് ചെലവ് രജിസ്റ്റർ

8. ബാങ്ക് ലോണിനുള്ള മാതൃക പ്രോജക്ക് റിപ്പോർട്ട് NABARD ന്റെ Website- ൽ ലഭിക്കും

കേരളത്തിൽ ആടുവളർത്തലിലെ പ്രതികൂല ഘടകങ്ങൾ പ്രധാനമായും അന്തർ പ്രജനനം അഥവാ ഇൻബ്രീഡിംഗ് (രക്തബന്ധ മുള്ളവയെ തമ്മിൽ ഇണ ചേർക്കൽ) അശാസ്ത്രീയ പരിപാലനം, കുറഞ്ഞു വരുന്ന തീറ്റ സ്രോതസ്സുകളും മേച്ചിൽപ്പുറങ്ങളും, നല്ല ഇനങ്ങളുടെ അഭാവം, രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ എന്നിവയാണ്. മുട്ടനാടുകളെ ഒന്നര മുതൽ രണ്ട് വർഷത്തിലൊരിക്കൽ മാറ്റുക. ആൺകുട്ടികളേയും പെൺകുട്ടികളേയും മൂന്നു മാസത്തിനുശേഷം മാറ്റി പാർപ്പിക്കുക എന്നിവ അനുവർത്തിക്കുന്നതിലൂടെ ഒരു പരിധിവരെ അന്തർപ്രജനനം തടയുവാൻ സാധിക്കും. തീറ്റ ദൗർലഭ്യത്തിനു പരിഹാരമായി തീറ്റപ്പുല്ലും, വൃക്ഷവിളകളും കൃഷി ചെയ്യാവുന്നതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലന പരിപാടികൾ പ്രയോജനപ്പെടുത്തിയും കൃത്യമായ രേഖകൾ സൂക്ഷിച്ചും ആടുവളർത്തൽ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്.

